# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3911 15.03.2017 ൽ മറുപടിയ്ക്ക്**

## സോളാർ വൈദ്യുത പാർക്കുകൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എം. രാജഗോപാലൻ | | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണ് സോളാർ വൈദ്യുത പാർക്കുകൾ ആരംഭിക്കുന്നതെന്നും ഇവിടങ്ങളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ അമ്പലത്തറ, പൈവേളിഗൈ, മീഞ്ച, ചിപ്പാർ, കരിന്തളം, കിനനൂർ എന്നീ വില്ലേജുകളിലാണ് 200 മെഗാവാട്ട് സൗരോർജ്ജ പാർക്ക് പദ്ധതി നടപ്പിലാക്കുവാനായി ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ പൂർണ്ണ ശേഷിയായ 200 മെഗാവാട്ട് കൈവരിക്കുന്നതോടു കൂടി പ്രതിവർഷം 334 ദശലക്ഷം യൂണിറ്റ് ഉല്പാദനമാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഇവിടങ്ങളിൽ നിന്നും സർക്കാർ അധീനതയിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ തീരുമാനിച്ചതെന്നും സ്വകാര്യമേഖലയിൽ എവിടെയൊക്കെയാണ് സോളാർ വൈദ്യുതി പാർക്ക് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത 200 മെഗാവാട്ട് കാസർഗോഡ് സൗരോർജ്ജ പാർക്കിൽ നിന്നും ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ മുഖേനയാണ് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ IREDA, THDCIL എന്നിവ മുഖേന 50 മെഗാവാട്ട് വീതവും ശേഷിക്കുന്ന 100 മെഗാവാട്ട് കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ VGF സ്കീം പ്രകാരം മത്സരാധിഷ്ഠിത ദർഘാസ് മുഖേനയുമാണ് നടപ്പിലാക്കുന്നത്. ടി ദർഘാസിന്റെ നടപടിക്രമങ്ങൾ SECI (Solar Energy Corporation of India) മുഖേനയാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ആഫീസർ